Talented Bankers Literary Panel
പുസ്തക പരിചയം 261

നായ
മനുഷ്യരോടൊപ്പം സഞ്ചരിക്കുന്ന ജീവി
ഡോ എം കെ നാരായണൻ

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

നായയെക്കുറിച്ചൊരു പുസ്തകം ! നായകളെക്കുറിച്ച് എത്രയോ പുസ്തകങ്ങളുണ്ട്, ഈ പുസ്തകത്തിനു മാത്രമെന്താ സവിശേഷത എന്നു ചോദിച്ചാൽ വ്യക്തമായ ഉത്തരമുണ്ട്. ഇതുവരെയുള്ള പുസ്തകങ്ങളൊക്കെ നായസ്നേഹികളെ ഉദ്ദേശിച്ച് എഴുതിയതാണെങ്കിൽ 'നായ, മനുഷ്യരോടൊപ്പം സഞ്ചരിക്കുന്ന ജീവി' എന്ന ഡോ.എം കെ നാരായണന്റെ പുസ്തകം നായവിരോധികൾക്കു വേണ്ടിയുള്ളതാണ് !

അതെന്ത് എന്ന് തോന്നിപ്പോവുന്നോ?

സത്യമാണ്. നായവിരോധികൾ നായകളെക്കുറിച്ചു വച്ചു പുലർത്തുന്ന ഒട്ടനവധി തെറ്റിധാരണകളാണ് പുസ്തകം പൊളിച്ചെഴുതുന്നത്.

തെരുവുനായ്ക്കളെയെല്ലാം കൊന്നാൽ തെരുവിലെ കടിയൻനായ്ക്കൾ എല്ലാം ഇല്ലാതാവും എന്നതിൽ തുടങ്ങി, നായ്ക്കളുടെ അനുരാഗം, പേപ്പട്ടി വിഷബാധ, നാടൻനായ്ക്കളെക്കാൾ കേമന്മാരാണ് വരത്തന്മാർ തുടങ്ങി നിരവധിയുണ്ട് തെറ്റുധാരണകൾ.

മനുഷ്യ ചരിത്രത്തിൽ നായയ്ക്കുള്ള സ്ഥാനം എവിടെ തുടങ്ങുന്നു, നായയുടെ ആശ്രിത ജീവിതം, ആധുനിക നായയും നാടൻ നായയും എന്താണു വ്യത്യാസം, എന്തൊക്കെയാണ് പ്രജനന പ്രത്യേകതകൾ, പേവിഷബാധ - എന്തൊക്കെയാണ് അറിയേണ്ടത്, തെരുവുനായ - പ്രശ്നങ്ങൾ നിയന്ത്രണങ്ങൾ തുടങ്ങിയ വിഷയങ്ങൾ 8 അധ്യായങ്ങളിലായി സരളമായി വിവരിച്ചിരിക്കുന്നു.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, പച്ചക്കുതിര എന്നീ പ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ച ഡോ.നാരായണനുമായുള്ള അഭിമുഖങ്ങളും അനുബന്ധമായി കൊടുത്തിട്ടുണ്ട്.

മനുഷ്യന്റെ കൂടെ ജീവിക്കാൻ തുടങ്ങിയ ആദ്യജീവി എന്ന പദവി അലങ്കരിക്കുന്ന നായ, എങ്ങനെയാണ് പോലീസ്, പട്ടാളം, ബോംബ് സ്ക്വാഡ് തുടങ്ങിയ മേഖലകളിലെ സേവനങ്ങളിലൂടെ മനുഷ്യന്റെ ആദരവു നേടുന്നതിനൊപ്പം തന്നെ തെരുവിലെ കടിയൻ പട്ടി എന്ന തലത്തിൽ അറപ്പും വെറുപ്പും സമ്പാദിക്കുന്നതെന്നും പുസ്തകം

വ്യക്തമാക്കിത്തരുന്നു.

നായിന്റെ മോൻ, താനിരിക്കേണ്ടിടത്ത് ഇരുന്നില്ലെങ്കിൽ നായ കയറിയിരിക്കും തുടങ്ങിയ പ്രയോഗങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്.

നിങ്ങൾ ഒരു നായവിരോധിയാണോ ? തീർച്ചയായും ഈ പുസ്തകം വായിക്കുക, എല്ലാ തെറ്റുധാരണകളും പമ്പ കടക്കും എന്നതു കൂടാതെ ഒരു നായ സ്നേഹി ആയില്ലെങ്കിൽക്കൂടി ഒരു ന്യൂട്രൽ പൊസിഷനിലേക്ക് നിങ്ങൾ മാറിയിരിക്കും, തീർച്ച.

*** *** *** ***

കേരള വെറ്ററിനറി സർവകലാശാലയിൽ എന്റർപ്രണർഷിപ് വിഭാഗം ഡയറക്ടറും സർവകലാശാലയുടെ സിൻഡിക്കേറ്റായ ബോർഡ് ഓഫ് മാനേജ്മെന്റ് അംഗവുമാണ് ഡോ. എം കെ നാരായണൻ.

പത്തായം ബുക്സ് പ്രസിദ്ധീകരിച്ച 'നായ'യ്ക്ക് 150/- രൂപയാണു വില